# ഐ.എച്ച്.ആർ.ഡി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4423

പ്രജോയ് ടവേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം
Phone: 0471-2332456. e-mail: ihrdecs@gmail.com

## പ്രതിമാസ നിക്ഷേപപദ്ധതി (MDS)

## നിബന്ധനകൾ

1. ഈ സ്കീമിന്റെ കാലാവധി പരമാവധി 20 മാസം മുതൽ 100 മാസമായിരിക്കുന്നതാണ്.
2. ഈ സ്കീമിൽ തുടർച്ചയായി ................................. രൂപ വീതം .......................... മാസം നിക്ഷേപിക്കേണ്ടതാണ്. പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ നിക്ഷേപസംഖ്യ മുടക്കം കൂടാതെ മാസംതോറും അടച്ച് ഈ സ്കീം അവസാനിപ്പിക്കേണ്ടതാകുന്നു. മുടക്കം ഇല്ലാതെ സ്കീം പൂർത്തിയാക്കി രൂപ ഓരോ നിക്ഷേപകനും നൽകുന്നതായിരിക്കും.
3. ഈ സ്കീമിലെ നിക്ഷേപകർക്ക് നിക്ഷേപ വായ്പ അനുവദിക്കുന്നതായിരിക്കും. ഓരോ തവണയും സംഘം കമ്മീഷന് പുറമെ സ്കീമിലെ നിക്ഷേപസംഖ്യയുടെ 25%-ത്തിൽ അധികരിക്കാതെ ഏറ്റവും കൂടുതൽ സംഖ്യ ബോണസ് കമ്മീഷനായി നൽകുന്ന നിക്ഷേപകനോ സംഘം നിശ്ചയിക്കുന്ന നിക്ഷേപകനോ വായ്പ സംഖ്യ അനുവദിക്കുന്നതായിരിക്കും.
4. ഈ സ്കീമിലെ വായ്പകൾക്ക് ഓഹരി അനുപാതം ബാധകമായിരിക്കുന്നതല്ല.
5. ഒരു മാസം ഈ സ്കീമിൽ പരമാവധി ഒരു നിക്ഷേപകന് മാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.
6. മേൽപ്രകാരം വായ്പ നൽകുമ്പോൾ ഓരോ നിക്ഷേപകനും ബോണസ് കമ്മീഷനായി ഉപേക്ഷിക്കുന്ന സംഖ്യ വായ്പ എടുത്തവർക്കും തുല്യമായി ബോണസായി നൽകുന്നതായിരിക്കും. ബോണസ് വിഹിതമുണ്ടെങ്കിൽ അതു കഴിച്ച് ബാക്കി സംഖ്യ മാത്രം നിക്ഷേപ സംഖ്യയായി അടുത്ത തവണയ്ക്ക് അടച്ചാൽ മതിയാകുന്നതാണ്.
7. മാസംതോറും നിശ്ചിത തീയതിയിൽ നിക്ഷേപസംഖ്യ അടയ്ക്കാതിരുന്നാൽ വായ്പയെടുത്ത നിക്ഷേപകന് ബോണസ് സംഖ്യയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.
8. മാസംതോറും നിശ്ചിത തീയതിയിൽ നിക്ഷേപസംഖ്യ അടയ്ക്കാതിരുന്നാൽ, നിക്ഷേപകരിൽ നിന്നും മുടക്കുകൾക്ക് 12% വീതം പലിശ ഈടാക്കുന്നതാണ്. അവധി തെറ്റിയ തവണയ്ക്ക് ദിവസം കണക്കാക്കാതെ ഒരു മുഴുവൻ മാസത്തെ പലിശ നൽകേണ്ടതാണ്.
9. ഈ സ്കിമിന്റെ നിശ്ചിത ദിവസം അതാതു മാസം ................................ തീയതിയോ (ഭരണസമിതി നിശ്ചയിക്കുന്ന) പ്രസ്തുത തീയതി സംഘത്തിന് അവധി ദിവസം ആണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസമോ ആയിരിക്കുന്നതാണ്.
10. ഈ സ്കീമിലെ നിക്ഷേപ സംഖ്യയുടെ ഈടിൻമേൽ അടഞ്ഞ സംഖ്യയുടെ 80% വരെ നിശ്ചിത ശതമാനം പലിശ നിരക്കിൽ വായ്പ വാങ്ങാത്ത നിക്ഷേപകന് നിക്ഷേപകടം അനുവദിക്കുന്നതാണ്. ഇതുപ്രകാരം വാങ്ങുന്ന നിക്ഷേപകടം അടച്ചശേഷം മാത്രമേ ബോണസ് ഉപേക്ഷിച്ചുകൊണ്ടുള്ള നിക്ഷേപ സ്കീം അനുവദിക്കുകയുള്ളൂ.
11. വായ്പ വാങ്ങിയിട്ടുള്ള നിക്ഷേപകന്റെ നിക്ഷേപ നമ്പരിൽ ക്രമാനുസൃതം മുടക്ക് കൂടാതെ സംഖ്യ നിക്ഷേപിച്ചിരിക്കേണ്ടതും അപ്രകാരം തവണകൾ മുഴുമിപ്പിക്കേണ്ടതുമാകുന്നു.
12. ഈ സ്കീം തുടങ്ങുന്ന തീയതി ..................................................... മുതൽ തുടങ്ങി ............................................... ൽ അവസാനിക്കാവുന്നതാകുന്നു. സ്കീം പൂർത്തിയായാൽ അതുപ്രകാരമുള്ള നിക്ഷേപ തുക ടിയാന്റെ വായ്പ ഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്ത് വായ്പ ഇടപാട് അവസാനിപ്പിക്കുന്നതാകുന്നു. എന്നാൽ നിക്ഷേപകൻ സ്കീം തവണകൾ മുടക്കു വരുത്തുകയും ടിയാനിൽ നിന്ന് വായ്പ ഇടപാട് അവസാനിക്കുന്നതിന് സംഖ്യ തികയാതെ വരുകയും ചെയ്യുന്നപക്ഷം അപ്രകാരമുള്ള സംഖ്യ, പലിശ മറ്റു ചെലവുകൾ എന്നിവയും ഈടാക്കുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.
13. സ്കീം വായ്പ വാങ്ങി നിക്ഷേപ സ്കീം മുടക്കുവരുത്തുന്ന നിക്ഷേപകനിൽനിന്നോ, ടിയാന്റെ ജാമ്യക്കാരനിൽനിന്നോ അവരുടെ മറ്റു സ്ഥാവരജംഗമ സ്വത്തുക്കളിൽനിന്നോ ഈ സ്കീം അവസാനിക്കുന്ന ................................. ന് മുമ്പോ, അവസാനിച്ചശേഷമോ എപ്പോൾ വേണമെങ്കിലും മുഴുവൻ വായ്പാ തുകയും പലിശ മറ്റു ചിലവുകൾ എന്നിവയും ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉള്ളതാകുന്നു.

14. ഈ സ്കീമിന്റെ തവണ തീയതി സംഘം നിശ്ചയിക്കുന്ന തീയതി .......................... ആയിരിക്കുന്നതും ടി തീയതി സംഘം അവധി ദിവസമായിരുന്നാൽ അടുത്ത പ്രവർത്തി ദിവസം നിശ്ചിത തവണ തീയതി ആയിരിക്കുന്നതാണ്. സ്കീമിന്റെ നിശ്ചിത തീയതികളിലോ അതിനു മുൻപോ സംഘം പ്രവർത്തന സമയത്ത് സംഖ്യ സ്വീകരിക്കുന്നതാണ്.
15. സ്കീം വായ്പ ലഭിക്കുന്നതിന് നിക്ഷേപകൻ സംഘത്തിന്റെ നിശ്ചിത ഫോറത്തിൽ അപേക്ഷിക്കേണ്ടതും, അപേക്ഷ സംഘത്തിന് സ്വീകാര്യമെങ്കിൽ ഈ സ്കീമിന്റെ നിശ്ചിത തീയതിക്കു ശേഷമുള്ള ഏതു ദിവസവും വായ്പ സ്വീകരിക്കാവുന്നതാണ്.
16. സംഘം തീരുമാനിക്കുന്ന പ്രകാരം മതിയായ ജാമ്യത്തിന്മേൽ വായ്പ അനുവദിക്കുന്നതാണ്. സംഘത്തിലെ അംഗങ്ങളായ ഉദ്യോഗസ്ഥരുടെ ജാമ്യത്തിലോ സ്ഥിരനിക്ഷേപത്തിന്റെ ജാമ്യത്തിലോ സംഘത്തിന്റെ യുക്താനുസരണം വായ്പ അനുവദിക്കുന്നതാണ്.
17. സ്ഥിര നിക്ഷേപ പദ്ധതിയുടെ കാലാവധി വരെയുള്ള നിക്ഷേപ ജാമ്യവും നൽകേണ്ടതാണ്.
18. സംഘത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഒരു നിക്ഷേപകന് ടിയാന്റെ സ്കീമിലുള്ള അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ കൈമാറ്റം ചെയ്തുകിട്ടിയ നിക്ഷേപകന് മുൻ നിക്ഷേപകന് ഉണ്ടായിരിക്കുന്നതിനേക്കാൾ കൂടുതലായി യാതൊരു അവകാശാധികാരവും ഇല്ലാതാകുന്നു. സ്കീം വായ്പ കൈപ്പറ്റിയ നിക്ഷേപകന് ടിയാന്റെ നിക്ഷേപ സ്കീമിലെ അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യപ്പെടുവാൻ അനുവദിക്കുന്നതല്ല.
19. സ്കീം നിക്ഷേപകൻ ബാങ്കിലേക്ക് സ്വന്തം നിലയിലോ ജാമ്യം നിലയിലോ ബാദ്ധ്യതപ്പെട്ടിട്ടുണ്ടെങ്കിൽ സ്കീം നിക്ഷേപ സംഖ്യ ഈ ബാദ്ധ്യതയിലേക്ക് തട്ടിക്കഴിക്കുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കും.
20. നിക്ഷേപകൻ സംഘത്തിലേക്ക് അടയ്ക്കുന്ന സംഖ്യയ്ക്ക് രസീത് നൽകുന്നതാണ്. സ്കീം വായ്പക്കാരനും ജാമ്യക്കാരും സംഘത്തിൽനിന്ന് വാങ്ങുന്ന സംഖ്യകൾക്ക് രസീത്, ജാമ്യ ചീട്ട്, പണയാധാരം മുതലായവ ഒപ്പിട്ട് നൽകേണ്ടതാകുന്നു.
21. മൂന്നോ, മൂന്നിൽ കൂടുതലോ ഗഡുക്കൾ തുടർച്ചയായി മുടക്കം വരുത്തുന്ന സ്കീം നിക്ഷേപകന് സ്കീമിൽ തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ടിയാനെ പ്രസ്തുത സ്കീമിൽനിന്നും നീക്കം ചെയ്യുവാൻ സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യപ്പെടുന്ന നിക്ഷേപകന് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതല്ലാത്തതും, സ്കീമിൽ ടിയാൻ രൊക്കം അടച്ച സംഖ്യയ്ക്കു മാത്രം അർഹനായിരിക്കുന്നതുമാണ്. ഇത്തരം ഒരു നിക്ഷേപകനെ നീക്കം ചെയ്തില്ല എന്നതുകൊണ്ടുമാത്രം ടിയാനെ സ്കീമിൽ തുടരുന്നതിന് അനുവദിച്ചതായി കണക്കാക്കാവുന്നതല്ല.
22. ഈ സ്കീമിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആവശ്യമാണെന്ന് തോന്നുന്ന യുക്തമായ കൂടുതൽ നിശ്ചയങ്ങൾ കൂട്ടിച്ചേർക്കുന്നതിനും ഈ നിശ്ചയങ്ങൾ ആവശ്യമാണെന്ന് തോന്നുന്ന ഭേദഗതികൾ ചെയ്യുന്നതിനും ജോയിന്റ് രജിസ്ട്രാറുടെ അനുവാദത്തോടുകൂടി സംഘം ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യപ്പെടുന്നതോ കൂട്ടിച്ചേർക്കുന്നതോ ആയ എല്ലാ നിശ്ചയങ്ങളും സ്കീം നിക്ഷേപകനും സ്കീം വായ്പക്കാരനും ബാധകമായിരിക്കുന്നതാണ്.
23. ഈ സ്കീം/വായ്പ സംബന്ധിച്ചുണ്ടാകുന്ന എല്ലാ തർക്കങ്ങളും ഉൾപ്പെടെ ഈ സ്കീമിനെ സംബന്ധിച്ചുള്ള നിബന്ധനകളിലേതെങ്കിലും സമിതിയെ നിയന്ത്രിക്കുവാൻ വ്യവസ്ഥയിൽ ഉൾപ്പെടാതിരിക്കുന്നപക്ഷം ആവക തൽക്കാലം യുക്തമായ തീരുമാനം സ്വീകരിക്കുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും.

സംഘം നടത്തിവരുന്ന, പ്രതിമാസ നിക്ഷേപ പദ്ധതിയെ സംബന്ധിച്ച നിബന്ധനകൾ ഞാൻ പൂർണ്ണമായി അംഗീകരിച്ച് ഒരു നിക്ഷേപകനായി ചേന്നിരിക്കുന്നു.

ഞാൻ, എന്റെ ...........................................................................................

അനന്തരാവകാശിയായി ഇതിനാൽ നിദ്ദേശിച്ചുകൊള്ളുന്നു.

..............................താലൂക്കിൽ........................വില്ലേജിൽ........................വാർഡിൽ

.........................................................വീട്ടിൽ......................................

ഒപ്പ്

| അനന്തരാവകാശിയുടെ പേരും വിലാസവും | നിക്ഷേപകന്റെ പേരും വിലാസവും |
| --- | --- |
| ................................................ | അംഗനമ്പരും...................................... |
| ................................................ | ................................................... |
| ................................................ | ................................................... |